ഉൾവനത്തിൽ ചൂട് കനക്കുന്നു; രാജവെമ്പാലകൾ കൂട്ടത്തോടെ ഇറങ്ങുന്നു

■ കെപി. അനിൽകുമാർ
മട്ടന്നൂർ

മലയോര മേഖലയിലെ ഉൾവനത്തിൽ ചൂട് കനത്തതോടെ രാജവെമ്പാലകൾ കൂട്ടത്തോടെ ഇറങ്ങുന്നു. ഇരക്കൊപ്പം ഇർപ്പവും തേടിയാണ് പാമ്പുകൾ പുറത്തിറങ്ങുന്നത്. കഴിഞ്ഞ മാസവും ഈ മാസവും മലയോര മേഖലയിൽ നിന്ന് നിരവധി രാജവെമ്പാലകളെയാണ് പിടി കൂടിയത്. കണ്ണൂർ ജില്ലയിലെ മലയോരമേഖലയിലെ വിവിധ ഭാഗങ്ങളിൽനിന്ന് ഒരാഴ്ചക്കിടെ പിടികൂടിയത് നിരവധി രാജവെമ്പാലകളെയാണ്.

കണ്ണൂർ ജില്ലയിൽ കൊട്ടിയൂർ, കേളകം, കണ്ണവം വനമേഖലകളിൽനിന്നാണ് രാജ വെമ്പാലകൾ കൂട്ടത്തോടെ ഇറങ്ങുന്നത്. ചൂട് കനത്തതോടെ രാപ്പകൽ വ്യത്യാസമില്ലാതെയാണ് പാമ്പുകൾ പുറത്തിറങ്ങുന്നത്. ഭക്ഷണ അവശിഷ്ടങ്ങൾ തള്ളുന്നതു വഴി എലികൾ വർദ്ധിച്ചതോടെ

● ഫൈസൽ വിളക്കോട് രാജവെമ്പാലയെ പിടിച്ചപ്പോൾ.

യാണ് ഇര തേടി പാമ്പുകൾ വീടുകളിലും പറമ്പുകളിലും എത്തുന്നത്. മലയോര മേഖലയിലെ പ്രധാന പാമ്പ് പിടുത്തക്കാരൻ ആയ കണ്ണൂർ മാർക്ക് സംഘടനയുടെ പ്രവർത്തകനും വനംവകുപ്പിൽ താൽക്കാലിക വാച്ചറുമായ ഫൈസൽ വിളക്കോട് ഇതിനകം തന്നെ നൂറുകണക്കിന് രാജവെമ്പാലയെ പിടികൂടിയിട്ടുണ്ട്.

നാല് വർഷത്തിനിടെയാണ് ഇത്രയും രാജവെമ്പാലകളെ അദ്ദേഹം പിടികൂടിയത്. മലയോരത്തെ ഏതുപ്രദേശത്തു നിന്നും പാമ്പിനെ പിടികൂടാൻ ആദ്യം വിളിയെത്തുന്നത് ഫൈസൽ വിളക്കോടിനായിരിക്കും. ജനങ്ങളുടെ സുരക്ഷയ്ക്കായി സ്വന്തം ഇരുചക്ര വാഹനത്തിൽ പാഞ്ഞെത്തുന്ന ഫൈസലിന് ഇത് ഒരു സേവനം മാത്രമാണ്. സ്വന്തം പോക്കറ്റിൽ നിന്നും പണം മുടക്കി മലയും കാടും കയറി പാമ്പിനെ പിടിച്ചു മടങ്ങുമ്പോൾ ജനത്തിന്റെ ആശങ്ക അകറ്റിയതിന്റെ സംതൃപ്തിയോടെ ഫൈസൽ മടങ്ങും.

പഴയങ്ങാടിയിൽ പ്ലാസ്റ്റിക് പാത്രത്തിൽ തലകുടുങ്ങിയ നായയെ മാർക്ക് പ്രവർത്തകർ രക്ഷിച്ചു

പഴയങ്ങാടി: ഒരുമാസത്തിലധികമായി തല പ്ലാസ്റ്റിക് പാത്രത്തിനുള്ളിൽ കുടുങ്ങി വെള്ളം കുടിക്കാനോ ഭക്ഷണം കഴിക്കാനോ കഴിയാത്ത തെരുവുനായയെ മാർക്ക് പ്രവർത്തകനായ രഞ്ജിത്ത് നാരായണന്റെ നേതൃത്വത്തിലുള്ള സംഘം രക്ഷിച്ചു. പഴയങ്ങാടിവെങ്ങര റെയിൽവേ ഗേറ്റ് പരിസരത്താണ് സംഭവം. നാട്ടുകാർ നിരവധി തവണ ശ്രമിച്ചുവെങ്കിലും നായയെ പിടികൂടാൻ കഴിഞ്ഞില്ല. ഒടുവിൽ നാട്ടുകാരനും ജില്ലാ ലേബർ ഓഫീസർ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥനുമായ ജയേഷ്, കണ്ണൂരിൽനിന്നുള്ള മാർക്ക് പ്രവർത്തകരായ രഞ്ജിത്ത് നാരായണൻ, സഹായിയായ ഷിനിൽ എന്നിവരുടെ സഹായം തേടുകയായിരുന്നു.

ഞായറാഴ്ച ഇവർ നായയെ വലയിട്ട് പിടിച്ച് തലയിൽ കുടുങ്ങിയ പ്ലാസ്റ്റിക് ഭരണി ഊരി മാറ്റി. ജയേഷ്, രാജേഷ്, ശ്രീനിവാസൻ എന്നിവരും നായയെ പിടിക്കാൻ സഹായിച്ചു. ഇരുകാലുകൾക്കും മുറിവേറ്റ നായയ്ക്ക് പ്രഥമ ശുശ്രൂഷ നൽകി വിട്ടയച്ചു.

നഷ്ടപ്പെട്ട ഒന്നര ലക്ഷം രൂപ വിലയുള്ള മൊബൈൽ ഫോൺ തിരിച്ച് നൽകി ഓട്ടോ ഡ്രൈവർ മാതൃകയായി

ചെറുപുഴ: തിരുമേനിയിലെ ഓട്ടോ ഡ്രൈവർ തോമസ് കെ ജെ കിഴക്കരക്കാട്ട് എന്ന വ്യക്തിക്ക് റോഡിൽ നിന്നും കിട്ടിയ സാംസങ് എസ് 24 അൾട്രാ പ്രോ മൊബൈൽ ഫോൺ ആണ് കാനഡയിൽ പോലീസ് ഓഫീസർ ആയ മനു തോമസിന് തിരിച്ചു നൽകിയത്. ചെറുപുഴ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ക്ലിന്റ് മാത്യു നഷ്ടപ്പെട്ട ഫോൺ തിരിച്ച് നൽകിയ തോമസ് കിഴക്കരക്കാട്ടിനെ അഭിനന്ദിച്ചു. അദ്ദേഹത്തിന്റെ ഈ പ്രവർത്തി ഏറ്റവും മഹത്തായ ഒന്നാണെന്നും മറ്റുള്ളവർ മാതൃകയാക്കേണ്ട ഒരു പ്രവർത്തിയാണെന്നും എല്ലാവരെയും ഓർമ്മിപ്പിച്ചു. കേവലം പബ്ലിസിറ്റിക്ക് വേണ്ടിയല്ല മറിച്ച് ഇത്തരം നല്ല പ്രവർത്തികൾ എല്ലാവരും മാതൃകയാക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

● കോളയാട് ബ്ലോക്ക് സ്പെഷ്യൽ കൺവെൻഷനും ബ്ലോക്കിലെ മികച്ച മണ്ഡലം കമ്മിറ്റിക്കുള്ള അനുമോദനവും കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

സ്പെഷ്യൽ കൺവെൻഷൻ

കുന്നുപറമ്പ്: കോളയാട് ബ്ലോക്ക് സ്പെഷ്യൽ കൺവെൻഷനും ബ്ലോക്കിലെ മികച്ച മണ്ഡലം കമ്മിറ്റിക്കുള്ള അനുമോദനവും മെരുവമ്പായി എം യു പി സ്കൂളിൽ വച്ച് സംഘടിപ്പിച്ചു. കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. സ്ത്രീ സംവരണം പഞ്ചായത്ത് രാജ് നിയമത്തിലൂടെ നടപ്പാക്കിയ പ്രസ്ഥാനം കോൺഗ്രസ് ആണെന്നും എന്നാൽ വനിതാ സംവരണത്തിന്റെ മറവിൽ സീറ്റ് വർദ്ധിപ്പിച്ച് ജനാധിപത്യത്തെ അട്ടിമറി കേന്ദ്ര സർക്കാർ ശ്രമിക്കുന്നതെന്നും കൺവെൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് കെപിസിസി പ്രസിഡന്റ് പറഞ്ഞു. ബ്ലോക്കിലെ മികച്ച മണ്ഡലം കമ്മിറ്റിയായ മാങ്ങാട്ടിടം മണ്ഡലം കമ്മിറ്റിക്കുള്ള ഉപഹാരം മണ്ഡലം പ്രസിഡന്റ് പി.വി രമേശനും ഭാരവാഹികളും ഏറ്റുവാങ്ങി.

ബ്ലോക്ക് പ്രസിഡന്റ് കാഞ്ഞിരോളി രാഘവൻ അധ്യക്ഷതവഹിച്ചു. കെപിസിസി ജനറൽ സെക്രട്ടറി ചന്ദ്രൻ തില്ലങ്കേരി, സിജി തങ്കച്ചൻ, ഫസീൽ മജീദ്, രജീഷ് മാറോളി, രൂപ വിശ്വനാഥ് എം.ബി ലത, വാർഡ് മെമ്പർ ഫരീദ, ഭാർഗവൻ, കെ കമൽ ജിത്ത്, വി വേലായുധൻ, ഫിറോസ് മെരുവമ്പായി, പി വി രമേശൻ എന്നിവർ സംസാരിച്ചു.

വായനശാല പ്ലാറ്റിനം ജൂബിലി ആഘോഷം

മട്ടന്നൂർ: വെള്ളിയാംപറമ്പ് ഗ്രാമീണ വായനശാല ഗ്രന്ഥാലയം 75ാം വാർഷികാഘോഷം തലശേരി താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി അഡ്വ. വി.പ്രദീപൻ ഉദ്ഘാടനം ചെയ്തു. സാഹിത്യകാരൻ ഡോ.സോമൻ കടലൂർ മുഖ്യപ്രഭാഷണം നടത്തി. പ്രസിഡന്റ് സി. ഹേമചന്ദ്രൻ അധ്യക്ഷനായി. പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ കെ. കെ.പ്രഭാകരൻ, പഞ്ചായത്തംഗം കെ.പ്രശാന്തൻ, സി.വി.ശിവദാസൻ, സെക്രട്ടറി കെ.പവിത്രൻ, എൻ.വി.പുഷ്പബാബു, വി.ഗോപാലൻ, കെ.സ്വാമി തെളപ്പ്, സി.സി.നിഷ, കെ.കെ.സന്തോഷ്കുമാർ തുടങ്ങിയവർ സംസാരിച്ചു. തലശേരി താലൂക്കിലെ മികച്ച ലൈബ്രേറിയനുള്ള അവാർഡ് നേടിയ പി.വി.ജനാർദ്ദനനെ ചടങ്ങിൽ ആദരിച്ചു. വിവിധ കലാപരിപാടികളും അരങ്ങേറി.

എസ്.എസ്.എഫ് ഗ്രാറ്റിറ്റ്യൂഡ് കോൺഫറൻസ് വിദ്യാർഥി സമ്മേളനം നാളെ നടക്കും

കണ്ണൂർ: സുന്നി സ്റ്റൂഡൻസ് ഫെഡറേഷന്റെ (എസ് എസ് എഫ്) സ്ഥാപക ദിനമായ ഏപ്രിൽ 25ന് ബുധനാഴ്ച ജില്ലയിലെ പതിമൂന്ന് കേന്ദ്രങ്ങളിൽ ഗ്രാറ്റിറ്റ്യൂഡ് കോൺഫറൻസ് നടക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽഅറിയിച്ചു. വിദ്യാർത്ഥികൾ ആസ്പദിച്ച വെളിച്ചം എന്ന പ്രമേയത്തിൽ ഈ വർഷത്തെ സ്ഥാപക ദിനത്തിൽ വിവിധ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് ഭാരവാഹികൾ പറഞ്ഞു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സെന്ട്രിനറി ആഘോഷങ്ങളുടെ ഭാഗമായി എസ് എസ് എഫ് പ്രഖ്യാപിച്ച വിവിധ പദ്ധതികളുടെ സമർപ്പണം സമ്മേളനങ്ങളുടെ ഭാഗമായി നടക്കും.തുടർന്ന് നടക്കുന്ന റാലിയിൽ സമസ്ത സെന്ട്രിനറി യുടെ ഭാഗമായി പ്രത്യേക പരിശീലന സംഘമായ സെക്ട ഇന്ത്യ കോഡിനേഷനുകൾ അണിനിരക്കുമെന്നും. എം. മുഹമ്മദ് സാലി, ഹാഫിൾ അഷ്കർ സഖാഫി,സവാദ് സി പി എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ഗൃഹനാഥന്റെ ചെവി വെട്ടിമുറിച്ച പ്രതി അറസ്റ്റിൽ

പയ്യന്നൂർ: വീട്ടിൽ അതിക്രമിച്ചു കയറി ഗൃഹനാഥന്റെ ചെവി വെട്ടിമുറിച്ച പ്രതി അറസ്റ്റിൽ.ഏഴിമലയിലെ ഷാജി വട്ടമാക്കൽ(55) നെയാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. രാമന്തളി കാരന്താട്ട് ഏഴിമലയിലെ കാഞ്ഞിരക്കാട്ട് വീട്ടിൽ കെ.എസ്.തോമസ് എന്ന ബേബിക്കാണ്(58)വെട്ടേറ്റത്.

● ഷാജി

തോമസിന്റെ വെട്ടേറ്റ് അറ്റുതൂങ്ങിയ ചെവി കണ്ണൂരിലെ ഗവ.മെഡിക്കൽ കോളേജിൽ വെച്ച് തുന്നിച്ചേർക്കുകയായിരുന്നു. 26 ന് പുലർച്ചെ ഒരുമണിക്കായിരുന്നു കേസിനാസ്പദമായ സംഭവം. സ്ത്രീകളെ അസഭ്യം പറഞ്ഞത് ചോദ്യംചെയ്ത വിരോധത്തിനാണ് ഷാജി കത്തിവാളുമായി വീട്ടിലെത്തി തോമസിനെ വെട്ടിയത്.

പുഴയിലെ കിണർനിർമ്മാണം; മണ്ണും നീക്കം ചെയ്യണമെന്ന് പഞ്ചായത്ത്

■ പ്രകാശൻ നടുവിൽ
ആലക്കോട്

പയ്യന്നൂർ നഗരസഭയിൽ കുടിവെള്ള വിതരണത്തിനായി നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി ചപ്പാരപ്പടവ് കുപ്പം പുഴയിൽ കൂറ്റൻ കിണർ നിർമ്മാണം നടത്തുന്നതിന്റെ മണ്ണും പാറയും എത്രയും പെട്ടെന്ന് പുഴയിൽ നിന്നും നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജി ഓതറ ജല അതോറിറ്റി അധികൃതർക്ക് കത്തു നൽകി. ചപ്പാരപ്പടവ് കൊട്ടക്കാനം റോഡരികിൽ പറക്കോട് അംഗൻവാടിക്കു സമീപമാണ് പുഴയോടു ചേർന്നുള്ള ഭാഗത്ത് കൂറ്റൻ കിണർ നിർമ്മിക്കുന്നത്.

● ചപ്പാരപ്പടവ് പുഴയിൽ കിണർ നിർമ്മാണത്തിന്റെ മണ്ണ് പുഴയിൽ നിക്ഷേപിച്ച നിലയിൽ.

രണ്ടു മാസത്തോളമായി നടക്കുന്ന കിണർ നിർമ്മാണത്തിന്റെ ഫലമായി പാറയും മണ്ണും വലിയ അളവിൽ പുഴയിലേക്കു തള്ളിയിരിക്കുകയാണ്. ഇതു മൂലം പുഴ കലങ്ങുകയും വെള്ളം മലിനമാവുകയും ചെയ്തിരിക്കയാണ്. പുഴയിലെ മൺകൂന നീക്കം ചെയ്യാതിരുന്നാൽ മഴക്കാലം ആരംഭിച്ചാൽ പുഴയിലെ ഒഴുക്ക് തടസപ്പെടുകയും തൊട്ടടുത്ത വീടുകളിലും കൃഷിയിടത്തിലും വെള്ളം കയറാനും പുഴയുടെ ഗതിമാറി ഒഴുകി നാശനഷ്ടങ്ങൾ ഉണ്ടാവാനും സാധ്യതയുണ്ടെന്നും മാത്രവുമല്ല നിലവിൽ പുഴയുടെ താഴ് ഭാഗത്ത് നടക്കുന്ന കാട്ടാമ്പള്ളി റഗുലേറ്റർ കംബ്രിഡ്ജിനു കേടുപാടുകൾ സംഭവിക്കാനും സാധ്യതയുണ്ടെന്നും കത്തിൽ പറയുന്നു.

2015-20 കാലത്താണ് പയ്യന്നൂർ നഗരസഭയിലേക്കു കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിക്കു വേണ്ടി പറക്കോട് കൊടും കയത്തിൽ കിണർ നിർമ്മാണത്തിനു തുടക്കം കുറിച്ചെങ്കിലും പ്രദേശവാസികളുടെ എതിർപ്പു കാരണം നിർമ്മാണം നടന്നില്ല. സർക്കാർ തലത്തിലുണ്ടായ തെറ്റുതിർപ്പു വ്യവസ്ഥകളെ തുടർന്ന് പുഴയുടെ താഴ്ഭാഗത്ത് കാട്ടാമ്പള്ളിയിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം ആരംഭിച്ചതിനെ തുടർന്നാണ് ഇവിടെ കിണർ നിർമ്മിക്കാൻ തുടങ്ങിയത്. കേന്ദ്രസർക്കാരിന്റെ അമൃതം പദ്ധതിയിലുൾപ്പെടുത്തി23 കോടി രൂപ മുതൽ മുടക്കിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായുള്ള പൈപ്പുകൾ സ്ഥാപിക്കുകയും എടക്കോം മാം തട്ടിൽ ടാങ്കും മലശുദ്ധീകരണപ്ലാന്റും സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

പഴയ തുണികൾക്കിടയിൽ നിന്നും കിട്ടിയ പണം ഉടമയ്ക്ക് തിരികെ നൽകി ഹരിതകർമ്മസേന മാതൃകയായി

ചെങ്ങളായി: പാഴ് വസ്തുക്കൾ ശേഖരിക്കുന്നതിനിടയിൽ പഴയ തുണികൾക്കിടയിൽ നിന്നും കിട്ടിയ 7000 രൂപ ഉടമയായ വീട്ടമ്മയ്ക്ക് തിരികെ നൽകി ഹരിത കർമ്മ സേനാംഗങ്ങൾ മാതൃകയായി. ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡ് പെരുങ്കോന്ന് കോട്ടപ്പറമ്പിലെ വീട്ടമ്മക്കാണ് നഷ്ടപ്പെട്ട പണം തിരികെ ലഭിച്ചത്. പഴയ തുണികൾ ഹരിതകർമ്മ സേനങ്ങൾക്ക് നൽകിയതിനു ശേഷമാണ് വീട്ടമ്മയ്ക്ക് തുണികൾക്കിടയിൽ പണം സൂക്ഷിച്ച കാര്യം ഓർമ്മ വന്നത്. ഈ വിവരം ഉടനെ തന്നെ ഹരിതകർമ്മ സേനാംഗങ്ങളെ അറിയിക്കുകയും, അവർ വസ്തുക്കൾ സൂക്ഷിച്ചിരുന്ന പ്ലാസ്റ്റിക് സംഭരണ കേന്ദ്രത്തിലെ പഴയ തുണികൾ മുഴുവൻ പരിശോധിക്കുകയും ചെയ്തു. തുടർന്ന് പണം ലഭിക്കുകയും ഉടമയ്ക്ക് കൈമാറുകയും ചെയ്തു.ഇന്നലെയാണ് സംഭവം.

ചെങ്ങളായി ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മ സേനാംഗങ്ങളായ ലിജ, രജനി, തങ്കമണി, ലിനി എന്നിവരാണ് പണം കണ്ടെത്തി തിരികെ നൽകിയത്. മാതൃകാപരമായി പ്രവർത്തിച്ച ഹരിത കർമ്മ സേനാംഗങ്ങളെ ചെങ്ങളായി ഗ്രാമപഞ്ചായത്ത് ഭരണസമിതി അനുമോദിച്ചു.

ദമ്പതികളെ ആദരിച്ചു

പയ്യാവൂർ: പൈസക്കരിയിൽ സാമൂഹിക രംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്നയാളും, പൈസക്കരി സെന്റ് ജോസഫ് സ്വയം സഹായ സംഘത്തിലെ ഏറ്റവും മുതിർന്ന അംഗവും, എകെസിസി തലശേരി അതിരൂപത സെക്രട്ടറിയും, മികച്ച പഴച്ചടി കർഷകനുമായ വർഗീസ് പള്ളിച്ചിറയെയും, ഭാര്യ മേരിക്കുട്ടിയെയും, അവരുടെ വിവാഹ സുവർണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി സംഘം മെമ്പർമാരും, കുടുംബാംഗങ്ങളും ദമ്പതികളുടെ ഭവനത്തിൽ ഒത്തുചേർന്ന് അവരെ ആദരിച്ചു.

'പന്ന്യന്നൂർ ചിത്രപ്പൊയിൽ വയലിൽ നിന്നും കണ്ടെടുത്ത ബോംബുകളുടെ ഉറവിടം കണ്ടെത്തണം'

പാനൂർ: കഴിഞ്ഞ ദിവസം പന്ന്യന്നൂരിലെ ചിത്രപ്പൊയിൽ വയലിൽ നിന്നും ഉഗ്രസ്ഫോടക ശേഷിയുള്ള സ്റ്റീൽ ബോംബുകളും നാടൻ ബോംബും പാനൂർ പോലീസും ബോംബു സ്ക്വാഡും ചേർന്ന് കണ്ടെടുത്തിരുന്നു. അടപ്പുള്ള ബക്കറ്റിലാക്കി പറമ്പിൽ കുഴിയുണ്ടാക്കി സൂക്ഷിച്ച നിലയിലാണ് ബോംബുകൾ കണ്ടെത്തിയത്. ആർ.എസ്.എസ്.ശക്തി കേന്ദ്രമാണ് പ്രദേശം.

രാഷ്ട്രീയ എതിരാളികളെ ഇല്ലായ്മ ചെയ്യാനും പ്രദേശത്ത് അക്രമവും അരാജകത്വവുമുണ്ടാക്കി നാടിന്റെ സമാധാനം തകർക്കാനുള്ള ആസൂത്രിതമായ നീക്കത്തിന്റെ ഭാഗമാണിതെന്ന് യു.ഡി.എഫ്. സ്ഥാനാർത്ഥിയായി തലശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും മത്സരിച്ച കെ.പി. സാജു യോഗത്തിൽ കുറ്റപ്പെടുത്തി എത്രയും പെട്ടന്ന് കുറ്റവാളികളെ കണ്ടെത്തി പോലീസ് നിയമത്തിന്റെ മുന്നിൽ കൊണ്ടു വരണമെന്നും അല്ലാത്ത പക്ഷം ശക്തമായ പ്രതിഷേധവുമായി മുന്നോട്ടു പോകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. യു.ഡി എഫ് ചേമാലി പി.കെ.ഹനീഫ അധ്യക്ഷത വഹിച്ചു.കൺവീനർ ടി.പി. പ്രേമനാഥൻ സ്വാഗതം പറഞ്ഞു. കെ.ശശിധരൻ കെ.പി. ഭാർഗ്ഗവൻ പവിത്രൻ കുന്നോത്ത് തിനേശൻ പച്ചോൾ സംസാരിച്ചു.

● ശ്രീകണ്ഠാപുരത്ത് സംഘടിപ്പിച്ച ഹജ് തീർത്ഥാടകരുടെ സംഗമവും യാത്രയയപ്പു പരിപാടി അഡ്വ.അബ്ദു കരീം ചേലേരി ഉദ്ഘാടനം ചെയ്യുന്നു.

ഹജ് വേളകളിൽ ഹാജിമാർ ലോക സമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കണം: അഡ്വ. അബ്ദുൾ കരീം ചേലേരി

ശ്രീകണ്ഠാപുരം: അശാന്തിയുടെ നാളുകൾ ശക്തി പ്രാപിക്കുമ്പോൾ വിശുദ്ധ ഹജ് വേളയിൽ ലോക സമാധാനത്തിനായി ഓരോ ഹാജിമാരും പ്രാർത്ഥിക്കണമെന്ന് ജില്ലാ മുസ്ലിം ലീഗ് പ്രസിഡണ്ട് അഡ്വ അബ്ദുൾ കരീം ചേലേരി അഭ്യർത്ഥിച്ചു.

ആൾ ഇന്ത്യ ഹാജിസ് ഹെൽപിങ് ഹാൻഡ് ഇരിക്കൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് തീർത്ഥാടകരുടെ സംഗമവും യാത്രയയപ്പും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ശ്രീകണ്ഠാപുരം ഉമ്മൻചാണ്ടി ഹാളിൽ നടന്ന പരിപാടിയിൽ ഹെൽപിങ് ഹാൻഡ് പ്രസിഡണ്ട് എൻ.പി. റഷീദ് അധ്യക്ഷത വഹിച്ചു. അഡ്വ. സജീവ് ജോസഫ് എം.എൽ.എ മുഖ്യാതിഥിയായി പങ്കെടുത്തു.

അബ്ദുള്ള സഖീം വാഫി ഹജ്ജ് ക്ലാസ് അവതരിപ്പിച്ചു. ജില്ലാ മുസ്ലിം ലീഗ് വൈസ് പ്രസിഡന്റ് അഡ്വ.എസ്. മുഹമ്മദ്, സെക്രട്ടറി സി.കെ. മുഹമ്മദ് മുസ്ലിം ലീഗ് നേതാക്കളായ പി.ടി.എ. കോയ ,എൻ.പി. സിദ്ദീഖ്, യു.പി. അബ്ദുറഹ്മാൻ, പി.ടി. മുഹമ്മദ് , കെ.പി. നാസർ നടുവിൽ, മൻസൂർ ഇരിക്കൂർ, കെ മൊയ്തീൻ,കെ. മുനവ്വർ, അഷ്റഫ് ചെങ്ങളായി, കെ എം പി മുഹമ്മദ് കുഞ്ഞി,ഒ വി ഹുസൈൻ ഹാജി,പി. ഇബ്രാഹിം, മൗലവി,കെ. സലാഹുദ്ദീൻ, ശാദുലി വളക്കൈ, ടി.പി. ഫാത്തിമ, ബിപി ഷുക്കൂർ, യു.പി. അഹ്സൽ, റിയാസ്, ഹനീഫ് നടുവിൽ, വി.പി. നസീമ, ഷാഹിദ നടുവിൽ, റംലത്ത് ചൂരലി, സി. ഉനൈസത്ത്, പി സി ആയിഷ, സുഹറ പയ്യാവൂർ, ആയിഷ ഇബ്രാഹിം,ഉമ്മറ അഷ്റഫ്, കെ ആർ ജുബൈരിയ സംസാരിച്ചു. ജനറൽ സെക്രട്ടറി സമദ് ഇരിക്കൂർ സ്വാഗതവും ട്രഷറർ ഹാരിസ് പൂഴലി നന്ദിയും പറഞ്ഞു.

കളിക്കുന്നതിനിടെ കുട്ടികൾക്ക് തെരുവുനായയുടെ കടിയേറ്റു

തലശേരി: പാനൂർ വിളക്കോട്ടൂർ തെക്കുംമുറിയിൽ തെരുവ് നായ ശല്യം രൂക്ഷം. മൂന്നു കുട്ടികൾക്ക് നായയുടെ കടിയേറ്റു.ഇന്നലെ കാലത്താണ് സംഭവം. കളിക്കുന്നതിനിടയിലാണ് കുട്ടികളെ തെരുവ് നായ ആക്രമിച്ചത്.

വിദ്യാർത്ഥികളായ വിളക്കോട്ടൂർ പുറംഭാഗത്ത് ദേവാത്തിക(8), തരശ്ശിയിൽ ധനശ്യാം(15), വാഴയിൽ ഹൗസിൽ മുഹമ്മദ് റബി(9) എന്നിവർക്കാണ് കൈക്കും കാലിനും കടിയേറ്റത്.

മൂന്നു പേർക്കും പാനൂർ ഗവ. ആശുപത്രിയിൽ പ്രാഥമിക ചികിത്സ നൽകിയതിനെ തുടർന്ന് തലശ്ശേരി ജനറൽ ആശുപത്രിയിൽ ചികിത്സ തേടി. ഈ പ്രദേശത്ത് തെരുവ് നായ ശല്യം കാരണം കുട്ടികൾക്കും മുതിർന്ന വർക്കും പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയാണെന്ന് നാട്ടുകാർ പറഞ്ഞു.

ഭാര്യയെ വെട്ടിക്കൊന്ന കേസിൽ ഭർത്താവിന് ജീവപര്യന്തം തടവും ഒരു ലക്ഷം രൂപ പിഴയും

തലശേരി: കുടുംബ വഴക്കിനെ തുടർന്ന് ഭാര്യ മോറാഴ കാനൂൽ കടമ്പേരി മഠത്തിലെ വളപ്പിൽ രേഷ്മമയെ വെട്ടിക്കൊന്ന കേസിൽ ഭർത്താവ് മോറാഴ എ ബ്രോഡ് ഹൗസിൽ എ സന്തോഷ്കുമാറിനെ (52) ജീവപര്യന്തം തടവിനും ഒരു ലക്ഷം രൂപ പിഴയടക്കാനും കോടതി ശിക്ഷിച്ചു.

പിഴയടച്ചില്ലെങ്കിൽ ഒരു വർഷം കഠിന തടവ് അനുഭവിക്കണം. തലശേരി അഡീഷണൽ ജില്ലാ സെഷൻസ് (മൂന്ന്) ജഡ്ജി ഫിലിപ്പ് തോമസ് വിധി പറഞ്ഞത് 2019 മെയ് 31 ന് രാത്രി ഏഴരയോടെയാണ് സംഭവം. നാല് വർഷമായി ഇവർ അകന്ന് കഴിയുകയായിരുന്നു. 2014 മാർച്ച് 23 നായിരുന്നു വിവാഹം. കുടുംബ വഴക്കിനെ തുടർന്ന് പ്രതി സന്തോഷ്കുമാറും അമ്മയും വീട് മാറി. മധ്യസ്ഥ പ്രകാരമുള്ള 10 ലക്ഷം രൂപയും 10 സെന്റ് സ്ഥലമോ നൽകാത്തതിനാൽ രേഷ്മ സന്തോഷിന്റെ വീട്ടിൽ ഒറ്റയ്ക്കായിരുന്നു താമസം. സംഭവം ദിവസം വീട്ടിലെത്തിയ പ്രതി രേഷ്മയുമായി വാക്ക് തർക്കത്തിൽ ഏർപ്പെട്ട് കത്തി വാൾ കൊണ്ട് കഴുത്തിനും പുറത്തും വെട്ടി പരിക്കേൽപിക്കുകയായിരുന്നു. രാത്രി പരോളോടെ കണ്ണൂർ എ.കെ.ജി ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പോലീസ് ഇൻസ്പെക്ടർ മാരായ എ.അനിൽകുമാർ, എൻ.കെ. സത്യപാലൻ എന്നിവരാണ് കേസ് അന്വേഷിച്ചത്. പ്രോസിക്യൂഷന് വേണ്ടി അഡീഷണൽ പ്രോസിക്യൂട്ടർ ഇ ജയറാംദാസ് ഹാജരായി.

ഇന്ത്യൻ ബാങ്ക് Indian Bank
അലഹബാദ് ALLAHABAD
സോണൽ ഓഫീസ്, കോഴിക്കോട്
ബി.SB's ബെൻഡിസിറ്റി & ഓർത്തോഡോന്റിക്സ് ബിൽഡിംഗ്, ഗ്രൗണ്ട് ഫ്ലോർ, കണ്ണൂർ റോഡ്, വെസ്റ്റ് നടക്കാവ്, കോഴിക്കോട് – 673011
Ph: 0495-2366558

[റൂൾ 8(1)] കൈവശ നോട്ടീസ് [സ്ഥാവര വസ്തുവിന് വേണ്ടി]

സർഫാസി ആക്ട് 2002 ന്റെ സെക്ഷൻ 13(2)ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 റൂൾ 8 & 9 പ്രകാരവും (1) ശ്രീ.ജിനേഷ് തംപ്രയിൽ, S/o നാരായണൻ ടി.പി., (2) ശ്രീമതി രേവതി വി, W/o നാരായണൻ ടി.പി., ഇടുവഴിയും താഴയും പുതുക്കിടി, ഇരുമ്പുപാലം പള്ളൂർ, പി.ഒ. പള്ളൂർ, മാഹി, പോണ്ടിച്ചേരി - 673310 എന്നിവരിൽ നിന്നും ഇൻഡ്യൻ ബാങ്ക് കോഴിക്കോട് ബ്രാഞ്ചിന് ലഭിക്കാനുള്ള HL A/C No.7550695696 തീ 13.01.2026 തെ തുകയായ രൂപ 57,31,067/- (അൻപത്തി ഏഴ് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അറുപത്തി ഏഴ് രൂപയും 14.01.2026 മുതൽ തിരിച്ചടവ് വരെയുള്ള പലിശയും മറ്റ് ചെലവുകളും സഹിതം നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം ബാങ്കിൽ അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഇൻഡ്യൻ ബാങ്കിന്റെ നിയമാനുസരണുള്ള ഭാഗിക അധികാരി 14.01.2026 - ാം തീയതി വിധാന്ത് നോട്ടീസ് അയച്ചിട്ടുള്ള താണ്.06.02.2026 ന് പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. എന്നാൽ വായ്പക്